centre for research and education for social transformation
CREST

**Centre for Research and Education for Social Transformation (CREST)**
An autonomous institution under Government of Kerala
KIRTADS Campus, Chevayur, Calicut – 673 017 Kerala India
Tel: + 91 495 2355342, + 91 495 2351496 Fax + 91 495 2351496 www.crest.ac.in
Email: crest.calicut@gmail.com

**ഒന്നാം വർഷ SC/ST എഞ്ചിനീയറിങ്ങ് വിദ്യാർത്ഥികൾക്കുള്ള സൗജന്യ പരിശീലനം.**

കേരള എഞ്ചിനീയറിങ്ങ് എൻട്രൻസ് (2017) പരീക്ഷയിലൂടെ എഞ്ചിനീയറിങ്ങ് കോഴ്സുകൾക്ക് പ്രവേശനത്തിന് അർഹത ലഭിച്ച പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കേരള സർക്കാറിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ റിസർച്ച് & എഡുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (ക്രെസ്റ്റ്) രണ്ട് ആഴ്ചക്കാലം നീണ്ടുനിൽക്കുന്ന സൗജന്യപരിശീലന ശില്പശാല സംഘടിപ്പിക്കുന്നു. പട്ടികജാതി വികസന വകുപ്പിന്റെ സഹായത്തോടെ സംഘടിപ്പിക്കുന്ന ഈ പരിശീലന പരിപാടി 2017 ജൂലൈ രണ്ടാം വാരമാണ് ആരംഭിക്കുക.

എഞ്ചിനീയറിങ്ങ്/ആർക്കിടെക്ച്ചർ കോഴ്സുകളെക്കുറിച്ച് അവബോധമുണ്ടാക്കുവാനും അനുയോജ്യമായ പഠനരീതി സ്വായത്തമാക്കുവാനും എഞ്ചിനീയറിങ്ങ് കോളേജുകളിലെ curricular and co-curricular പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുവാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് കോഴ്സ് രൂപകല്പന ചെയ്തിട്ടുള്ളത്. എഞ്ചിനീയറിങ്ങ് ഗ്രാഫിക്സ്, എഞ്ചിനീയറിങ്ങ് മെക്കാനിക്സ്, എഞ്ചിനീയറിങ്ങ് മാത്തമെറ്റിക്സ്, ഇംഗ്ലീഷ് കമ്യൂണിക്കേഷൻ സ്കിൽ, പേഴ്സനാലിറ്റി ഡവലപ്മെന്റ് എന്നീ വിഷയങ്ങളിൽ പ്രഗത്ഭരുടെ കീഴിലാണ് പരിശീലനം ലഭിക്കുക. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് കൗൺസെലിങ്ങ് സൗകര്യവും BTech. വിദ്യാഭ്യാസകാലയളവിൽ ഉപദേശസഹായവും ക്രെസ്റ്റ് നൽകുന്നതാണ്.

കോഴിക്കോട് വെച്ച് നടക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ താമസം, ഭക്ഷണം, യാത്രാചെലവ് എന്നിവ ക്രെസ്റ്റ് വഹിക്കുന്നതായിരിക്കും. കോഴ്സിന് പ്രവേശനം ലഭിക്കാൻ ആഗ്രഹിക്കുന്നവർ www.crest.ac.in എന്ന വെബ് സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. **അവസാന തിയ്യതി 2017 ജൂലൈ 10.**

കൂടുതൽ വിവരങ്ങൾക്ക് Executive Director, CREST, Chevayur PO, Kozhikode-673617.
ഫോൺ 0495 2355342, 2351496.

**Executive Director, CREST**
**June 27, 2017**